കേന്ദ്രാവിഷ്കൃത പദ്ധതികളുടെ അവലോകനം

45 (3329) ശ്രീ. എളമരം കരീം :
ശ്രീ. കെ. കുഞ്ഞിരാമൻ (തൃക്കരിപ്പൂർ) :
ശ്രീ. ബി. സത്യൻ :
ശ്രീ. സാജു പോൾ : താഴെകാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് നടപ്പാക്കിവരുന്ന കേന്ദ്രാവിഷ്കൃത പദ്ധതികളുടെ അവലോകനം നടത്തിയിട്ടുണ്ടോ ; വിശദാംശങ്ങൾ നൽകാമോ ;

(ബി) 2014-15-ൽ വിവിധ വകുപ്പുകൾ നടപ്പിലാക്കി വരുന്ന കേന്ദ്രാവിഷ്കൃത പദ്ധതികളുടെ ചെലവിനെ സംബന്ധിച്ച വിവരങ്ങൾ നൽകുമോ ;

(സി) കേന്ദ്രാവിഷ്കൃത പദ്ധതി നടത്തിപ്പിനെ സംബന്ധിച്ച് പരിശോധന നടത്തുന്നത് എന്തെല്ലാം സംവിധാനങ്ങളിലൂടെയാണ് ; എന്നറിയിക്കുമോ ;

(ഡി) സംസ്ഥാനത്ത് യഥാസമയം നടപ്പിലാക്കാൻ കഴിയാത്തതിന്റെ പേരിൽ കേന്ദ്രം നൽകിയ ഏതെങ്കിലും പദ്ധതി തുക തിരിച്ച് നൽകുകയുണ്ടായിട്ടുണ്ടോ ; ടൂറിസം വകുപ്പ് തിരിച്ച് നൽകിയ തുക ഏതെല്ലാം ഇനത്തിൽ എത്ര കോടിയായിരുന്നു ; വിശദമാക്കുമോ ?

ഉത്തരം

(എ) സംസ്ഥാനത്ത് നടപ്പിലാക്കിവരുന്ന കേന്ദ്രാവിഷ്കൃത പദ്ധതികളുടെ അവലോകനം നടത്തിയിട്ടുണ്ട്. 31-10-2014 വരെയുള്ള താത്കാലിക കണക്കനുസരിച്ച് കേന്ദ്രാവിഷ്കൃത പദ്ധതിക്ക് അനുവദിച്ച 2733.53 കോടി രൂപയിൽ 634.94 കോടി രൂപ (23%) ചെലവഴിച്ചിട്ടുണ്ട്.

(ബി) പദ്ധതി തിരിച്ചുള്ള ലിസ്റ്റ് അനുബന്ധമായി നൽകുന്നു. (31-10-2014 വരെയുള്ള താൽക്കാലിക കണക്ക്)*

(സി) കേന്ദ്രാവിഷ്കൃത പദ്ധതികൾ നടപ്പാക്കുന്നതിന് വകുപ്പുതല/സർക്കാർതല അവലോകനം, ധനകാര്യ വകുപ്പിന്റെ പരിശോധന, അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റിംഗ് എന്നീ സംവിധാനങ്ങൾ നിലവിലുണ്ട്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ഡി) യഥാസമയം നടപ്പിലാക്കാൻ കഴിയാത്തതിന്റെ പേരിൽ കേന്ദ്രം നൽകിയ പദ്ധതി ഇകകളൊന്നും തിരികെ നൽകിയിട്ടില്ല. ടൂറിസം വകുപ്പിന് 2014-15 -ൽ കേന്ദ്രാവിഷ്കൃത പദ്ധതികളൊന്നും അനുവദിച്ചിട്ടില്ല.

കേന്ദ്രാവിഷ്കൃത പദ്ധതികളുടെ നിർവ്വഹണത്തിലെ കാലതാമസം

46 (3330) ശ്രീ. റ്റി. എ. അഹമ്മദ് കബീർ : താഴെകാണുന്ന ചോദ്യത്തിന് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

കേന്ദ്രാവിഷ്കൃത പദ്ധതികളുടെ നിർവ്വഹണത്തിന് നേരിടുന്ന കാലതാമസം പരിഹരിക്കാൻ എന്തെങ്കിലും നടപടികൾ കൈക്കൊണ്ടിട്ടുണ്ടോ?

ഉത്തരം

കേന്ദ്രാവിഷ്കൃത പദ്ധതികളുടെ നിർവ്വഹണത്തിന് നേരിടുന്ന കാലതാമസം പരിഹരിക്കാൻ താഴെ പറയുന്ന നടപടികൾ കൈക്കൊണ്ടിട്ടുണ്ട്. ബി.കെ. ചതുർവേദി കമ്മിറ്റി റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ കേന്ദ്രാവിഷ്കൃത പദ്ധതികൾ 66 എണ്ണമായി പുനഃക്രമീകരിച്ചു. പുനഃക്രമീകരണംകൊണ്ട് ചുവടെ പ്രകാരമുള്ള മാറ്റങ്ങൾ സംസ്ഥാനത്തിന് സഹായകരമാകുമെന്ന് പ്രതീക്ഷിക്കുന്നു:

1. ഫണ്ട് കൈമാറ്റം കൂടുതൽ സുതാര്യമാകുന്നു.
2. ഏകീകൃത കേന്ദ്ര നിരീക്ഷണ/കണക്കെടുപ്പ് സംവിധാനം കൂടുതൽ ഫലപ്രദമാകും. തൻമൂലം, അതാത് മന്ത്രാലയങ്ങൾക്ക് പദ്ധതികളുടെ വിലയിരുത്തൽ ഫലപ്രദമായി സാധ്യമാകും.
3. മുഖ്യ പതാക നൗക പദ്ധതികളുടെ റിലീസ് നേരിട്ട് നടത്തിപ്പ് ഏജൻസികൾക്ക് കൈമാറ്റം ചെയ്യുന്നതിന് പകരം സംസ്ഥാന ബഡ്ജറ്റിലൂടെ നൽകുന്നത് ഫണ്ടിന്റെ കൃത്യമായ വരവ്/ചെലവ് നിരീക്ഷിക്കുവാൻ സംസ്ഥാനത്തിന് സാധ്യമാകും.
4. എല്ലാ കേന്ദ്രാവിഷ്കൃത പദ്ധതികളിലും 10% ഫ്ളക്സി ഫണ്ടുകൾ വകയിരുത്തും. ഇത് സംസ്ഥാനങ്ങൾക്ക് അവരുടെ ആവശ്യമനുസരിച്ചുള്ള പദ്ധതികൾക്കായി വിനിയോഗിക്കാവുന്നതാണ്.
5. കേന്ദ്രാവിഷ്കൃത പദ്ധതികളുടെ മാർഗ്ഗനിർദ്ദേശങ്ങൾ സംസ്ഥാന സാഹചര്യങ്ങൾക്ക് അനുകൂലമായി പുതുക്കി നിശ്ചയിക്കുവാനുള്ള ശിപാർശകൾ ആസൂത്രണ കമ്മീഷന് സമർപ്പിച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly